**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **31-08-2022 - ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് പട്ടികയായി നൽകാമോ; | (എ) | റാന്നി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിയ്ക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>അഡാക്ക് മുഖാന്തരം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന സീതത്തോട് പഞ്ചായത്തിലെ കക്കി റിസർവോയറിൽ അണക്കെട്ടുകളിൽ കൂട് മത്സ്യകൃഷി നടപ്പിലാക്കുന്നുണ്ട്. പദ്ധതി പ്രകാരം 100 കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ കരിമീൻ, അനാബാസ്, വരാൽ എന്നീ തനത് മത്സ്യങ്ങളെ വളർത്തി പരിപാലിച്ച് വരുന്നു. പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന തദ്ദേശീയരും, വനവാസികളുമായ ജനവിഭാഗമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ആകെ 100 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ? | (ബി) | ജനകീയ മത്സ്യകൃഷി (2022-23) ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി (തിലാപ്പിയ, ആസ്സാംവാള, വരാൽ, തദ്ദേശീയ ക്യാറ്റ്ഫിഷ്, കാർപ്പ് മത്സ്യങ്ങൾ, സ്വകാര്യകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (ആസാംവാള, വരാൽ, അനാബാസ്) റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക് വനാമി കൃഷി, കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റ് എന്നിവയാണ് പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ. 2021-22 സാമ്പത്തിക വർഷത്തിൽ പി.എം.എം.എസ്.വൈ പദ്ധതി യിലുൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക് എന്നീ പദ്ധതികളും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പഞ്ചായത്ത് | കാർപ്പ് മത്സ്യകൃഷി 2021-22 | സുഭിക്ഷ കേരളം പടുതാ ക്കുളം 2021-22 | സുഭിക്ഷ കേരളം ബയോഫ്ളോക്ക് 2021-22 | പി.എം.എം. എസ്.വൈ, ആർ.എ. എസ് 2021-22 | പി.എം.എം. എസ്.വൈ, ബയോഫ്ളോക്ക് 2021-22 |
|---|---|---|---|---|---|
| റാന്നി പഴവങ്ങാടി | 27 യൂണിറ്റ് (2.5 ഹെ.) | | | | |
| റാന്നി | 53 യൂണിറ്റ് (4 ഹെ.) | 4 യൂണിറ്റ് | | 1 യൂണിറ്റ് | 1 യൂണിറ്റ് |
| റാന്നി അങ്ങാടി | 16 യൂണിറ്റ് (0.9 ഹെ.) | | | | 1 യൂണിറ്റ് |
| റാന്നി പെരുനാട് | 19 യൂണിറ്റ് (0.3 ഹെ.) | 3 യൂണിറ്റ് | | | |
| വടശ്ശേരിക്കര | 47 യൂണിറ്റ് (3.8 ഹെ.) | 1 യൂണിറ്റ് | 4 യൂണിറ്റ് | | 2 യൂണിറ്റ് |
| നാറാണംമൂഴി | 57 യൂണിറ്റ് (2.9 ഹെ.) | | | | |
| വെച്ചൂച്ചിറ | 35 യൂണിറ്റ് (0.9 ഹെ.) | | | | |
| കൊറ്റനാട് | 26 യൂണിറ്റ് (1.3 ഹെ.) | | | | |
| കോട്ടാങ്ങൽ | 23 യൂണിറ്റ് (1.9 ഹെ.) | 4 യൂണിറ്റ് | 1 യൂണിറ്റ് | | |
| അയിരൂർ | 30 യൂണിറ്റ് (2.1 ഹെ.) | 4 യൂണിറ്റ് | 5 യൂണിറ്റ് | | |
| എഴുമറ്റൂർ | 56 യൂണിറ്റ് (12.5 ഹെ.) | | | | |
| ചെറുകോൽ | 34 യൂണിറ്റ് (2.1 ഹെ.) | | | | |